File No.TCPCTP/3232/2019-C3

**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- നഗര - ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കോട്ടയം ജില്ല - തീക്കോയി ഗ്രാമപഞ്ചായത്ത് - തീക്കോയി വില്ലേജ് - **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം** - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തീക്കോയി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/11/2019 ലെ എ 2-396/2019 നമ്പർ കത്ത്.

2. കോട്ടയം ടൗൺ പ്ലാനറുടെ 16/12/2019 ലെ TCPKTM/1500/2019-C, നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/3232/2019 -C3** തീയതി: **24/01/2020**

---

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തീക്കോയി വില്ലേജ് ബ്ലോക്ക് നമ്പർ 66-ൽ റീ സർവ്വേ നമ്പർ 109/1 - ൽ ഉൾപ്പെട്ട അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള 8100 ച.മീ (199 സെന്റ്) ആകെ വസ്തുവിൽ നിന്നും 2030 ച.മീ. സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് 39. ച.മീ, കനോപ്പി 325. ച.മീ ഉൾപ്പെടെ ആകെ 364.ച.മീ വിസ്തീർണ്ണം വരുന്ന **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ടെറിറ്ററി മാനേജർ(റീട്ടെയിൽ), ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഇരുമ്പനം. പി.ഒ., എറണാകുളം - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പ് വരുത്തണം.
2. ചട്ടം 61 (6) പ്രകാരം അഗ്നി സുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി വാങ്ങിയിരിക്കണം.
3. ചട്ടം 61 (7) പ്രകാരം അഗ്നി സുരക്ഷ സംബന്ധിച്ച എല്ലാവിധ ആവശ്യകതകളും NBC-05-ന് അനുസൃതമായിരിക്കണം.
4. ചട്ടം 61 (10) പ്രകാരം പെട്രോൾ ടാങ്കുകളുടേയും വെന്റ് പൈപ്പുകളുടേയും സ്ഥാനവും നിർമ്മാണവും 1976 ലെ പെട്രോളിയം ചട്ടങ്ങൾക്ക് അനുസൃതമായിരിക്കണം.

5. ചട്ടം 61 (16) പ്രകാരമുള്ള ദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഉൾപ്പെടുത്തണം.
6. ചട്ടം 61 (17) പ്രകാരം മലിന ജല പു:നചംക്രമണ സംവിധാനം ഉൾപ്പെടുത്തണം.
7. ചട്ടം 101 പ്രകാരം ഭൂഗർഭജലപോഷണ സംവിധാനം ഉൾപ്പെടുത്തണം.
8. നിർദ്ദിഷ്ട വസ്തുവിന് വടക്ക് 100- മീറ്ററിനുള്ളിൽ പുഴ ഉള്ളതിനാൽ ചട്ടം 26 (3) ലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
9. കെ.പി.ബി.ആർ 2011 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **12/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
തീക്കോയി ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ടെറിറ്ററി മാനേജർ, (റീടെയിൽ) BPCL, ഇരുമ്പനം. പി.ഒ. എറണാകുളം -
2. ടൗൺ പ്ലാനർ, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം